**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5709** **16-03-2023 - ൽ മറുപടിയ്ക്ക്**

**2011-2016 സർക്കാരിന്റെ കാലയളവിൽ നിയമിക്കപ്പെട്ട അന്വേഷണ കമ്മീഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2011-2016 സർക്കാരിന്റെ കാലത്ത് നിയമിക്കപ്പെട്ട അന്വേഷണ കമ്മീഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിക്കുന്നതിനായി എസ്.ആർ.ഒ നമ്പർ 867/2013/ആഭ്യന്തരം ആയി പുറപ്പെടുവിച്ച 28.10.2013 ലെ 77989/ എസ്.എസ്.എ2/2013 നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം ജസ്റ്റിസ് ജി ശിവരാജൻ അന്വേഷണ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി 1,77,16,711 രൂപ ചെലവാകുകയുണ്ടായി.<br><br>കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങൾ സംബന്ധിച്ച്, അന്വേഷിക്കുന്നതിന് 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റ് പ്രകാരം ശ്രീ.ഡി.ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) 2016 ജനുവരി 8-ാം തീയതിയിലെ 61646/ എസ്.എസ്.എ2/2015/ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും എസ്.ആർ.ഒ. നമ്പർ 39/2016 ആയി 2016 ജനുവരി 14-ാം തീയതിയിലെ 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം അന്വേഷണ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. കമ്മീഷന്റെ വേതനം, ഓഫീസ് ഘടന, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ നിശ്ചയിച്ച് നൽകുന്നതിൽ ഭരണപരമായ കാലതാമസം നേരിട്ടതിനാൽ 2016 ജനുവരി 14-ാം തീയതി മുതൽ 6 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത കമ്മീഷന് യഥാസമയം ചുമതലയേൽക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത സാഹചര്യത്തിൽ കമ്മീഷൻ കാലതാമസം കൂടാതെ പ്രവർത്തനം ആരംഭിക്കുന്നതിനായി 2017 ജൂൺ 1 -ാം തീയതിയിലെ 61646/ |

| | | | |
|---|---|---|---|
| | | | എസ്.എസ്.എ2/2015/ആഭ്യന്തരം നമ്പർ (എസ്.ആർ.ഒ. നമ്പർ306 /2017 ).<br><br>വിജ്ഞാപനപ്രകാരം ശ്രീ.ഡി.ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) സർക്കാർ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി 77,17,915 രൂപയും ചെലവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് സർക്കാർ അന്വേഷണം പ്രഖ്യാപിച്ചതെന്നും, ഏതെല്ലാം ഏജൻസികളെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചതെന്നും വിശദമാക്കാമോ; | (ബി) | 'എ ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അന്വേഷണങ്ങൾക്കായി സർക്കാർ എത്ര തുക വീതം ചെലവഴിച്ചുവെന്ന് തരംതിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (സി) | 'എ ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ആയതിന്റെ നിയമോപദേശത്തനായി ചെലവഴിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ? | (ഡി) | അന്വേഷണ കമ്മീഷൻറെ നിയമോപദേശത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ